## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ -5355 — 23/05/17-ൽ മറുപടിക്ക്

### കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ സി.ദിവാകരൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ദിശ 2017 എന്ന വിപുലമായ ക്യാമ്പെയിൻ സംഘടിപ്പിച്ചു. ദിശ ക്യാമ്പെയിന്റെ ഭാഗമായി 3,998 പൊതു അയൽക്കൂട്ടങ്ങളും, ഭിന്നശേഷിയുള്ളവരുടെ 753 അയൽക്കൂട്ടങ്ങളും, വയോജന വിഭാഗങ്ങൾക്കായി 1774 അയൽക്കൂട്ടങ്ങളും, ട്രാൻസ് ജെൻഡർ വിഭാഗത്തിനായി 7 അയൽക്കൂട്ടങ്ങളും, ന്യൂനപക്ഷ വിഭാഗങ്ങൾക്കായി 948 അയൽക്കൂട്ടങ്ങളും, എസ്.റ്റി വിഭാഗങ്ങൾക്കായി 218 അയൽക്കൂട്ടങ്ങളും, എസ്.സി വിഭാഗങ്ങൾക്കായി 1039 അയൽക്കൂട്ടങ്ങളും, തീരദേശ വിഭാഗത്തിനായി 311 അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. അയൽക്കൂട്ട ശാക്തീകരണത്തിന്റെ ഭാഗമായി 1,073 സി.ഡി.എസ്സിലെയും ചെയർപേഴ്സൺമാർക്കും 5 ഉപസമിതി കൺവീനർമാർക്കും പരിശീലനം സംഘടിപ്പിച്ചു. 19,854 എ.ഡി.എസ്സുകളിലെ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും പരിശീലനം സംഘടിപ്പിച്ചു. |
| ബി) കുടുംബശ്രീ പ്രവർത്തകർക്ക് / അയൽക്കൂട്ടങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) കുടുംബശ്രീ പ്രവർത്തകർക്ക്/ അയൽക്കൂട്ടങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ താഴെ പറയുന്ന സഹായങ്ങൾ / പദ്ധതികളാണ് ലഭ്യമാക്കുന്നത്.<br>1. പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞതും നബാർഡിന്റെ എൻ.എച്ച്.ജി ഗ്രേഡിംഗ് നടപടികൾ മുഖേന ഗ്രേഡിംഗ് പാസായി ലിങ്കേജ് വായ്പ ലഭിച്ച അയൽക്കൂട്ടങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കുന്നുണ്ട്.<br>2. ആരംഭിച്ച് 3 മാസം കഴിഞ്ഞ, 75% അംഗങ്ങളെങ്കിലും ബി.പി.എൽ ആയ ഗ്രാമപ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് |

എൻ.ആർ.എൽ.എം ന്റെ ഭാഗമായി റിവോൾവിംഗ് ഫണ്ട് നൽകി വരുന്നു.

3. ഉപജീവനത്തിന്റെ വ്യത്യസ്ത സാധ്യതകൾ (സൂക്ഷ്മസംരംഭം, കൃഷി, വൈദഗ്ധ്യ പരിശീലനവും തൊഴിലും) സംബന്ധിച്ച അവബോധ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന മേഖലയിൽ വൈദഗ്ധ്യ പരിശീലനം എന്നിവ നൽകി വരുന്നു.

4. കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന റൂറൽ മൈക്രോ എന്റർപ്രൈസ് (ആർ.എം.ഇ), യുവശ്രീ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹിള കിസാൻ സശക്തീകരൺ പരിയോജന (കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി), എൻ യു എൽ എം (ദേശീയ നഗര ഉപജീവന മിഷൻ) എന്നീ സ്വയം തൊഴിൽ പദ്ധതികൾ, ഡി.ഡി.യു.ജി.കെ.വൈ (വൈദഗ്ധ്യ പരിശീലനവും വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കലും) എൻ യു എൽ എം- EST & P( Employment through Skill Training and Placement) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ